സാധാരണക്കാർക്ക് ആശ്വാസമേകുന്ന പ്രവർത്തനം നിലവിലും കാര്യക്ഷമമായി തുടർന്നുവരുന്നു. സപ്ലൈകോവഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ അളവിൽ മൊത്തമായുണ്ടായ ഗണ്യമായ വർദ്ധനവും വിറ്റുവരവിലെ വർദ്ധനവും സൂചിപ്പിക്കുന്നത് കൂടുതൽ ആളുകൾ സപ്ലൈകോയെ ആശ്രയിക്കുന്നു എന്നാണ്.

സ്കൂളുകളിലെ ആരോഗ്യ പദ്ധതികൾ

26(T*266) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ് പദ്ധതി, സ്വച്ഛ് വിദ്യാലയ പദ്ധതി, സൗഹൃദ ക്ലബ്ബുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി വിദ്യാലയ ആരോഗ്യ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) 1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളും, ഫർണ്ണീച്ചറുകളും മറ്റും വൃത്തിയും വെടിപ്പുമുള്ളതാക്കുക.

2. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരിസരപ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക, പരമാവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളിലേയും ശുചിമുറികളിലേയും ചുമരുകളിൽ ചായം പൂശുക

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

4. മതിയായ ശുചി മുറികൾ നിർമ്മിക്കുക, മലിന ജലം കെട്ടി കിടക്കാതിരിക്കാൻ വേണ്ട സംവിധാനങ്ങൾ നടപ്പാക്കുക. പച്ചക്കറി തോട്ടം/പൂന്തോട്ടം നിർമ്മിക്കുക.

5. കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുക, കിണറുകളും കുടിവെള്ള ടാങ്കുകളും വൃത്തിയാക്കുക, പൊട്ടിയ ടാപ്പുകൾ നന്നാക്കുക തുടങ്ങിയവ.

6. പ്ലാസ്റ്റിക് കവറുകൾ നിക്ഷേപിക്കുന്നതിനും, നശിപ്പിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുക. മറ്റ് ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നശിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നടപ്പാക്കുക.

7. ഉച്ചഭക്ഷണം തയ്യാറാക്കുന്ന അടുക്കള, പാത്രങ്ങൾ, പരിസരം എന്നിവ വൃത്തിയും വെടിപ്പുമുള്ളതാക്കുക.

8. മദ്യത്തിന്റേയും മയക്കുമരുന്നുകളുടേയും ഉപയോഗംമൂലമുള്ള ദൂഷ്യവശങ്ങൾ, പരിസര ശുചീകരണത്തിന്റെ പ്രാധാന്യം എന്നിവ പ്രചരിപ്പിക്കുന്നതിനായി പ്ലക്കാർഡുകളും മറ്റും ഉൾപ്പെടുത്തി റാലികൾ സംഘടിപ്പിക്കുക. വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറ്റ് പൊതുജനങ്ങൾക്കുമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

9. ശാരീരിക മാനസിക സാമൂഹ്യാരോഗ്യം മെച്ചപ്പെടുത്തുക.

10. വിവിധങ്ങളായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾവഴി തങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിച്ചുവച്ച് മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനും ഇതുവഴി ആരോഗ്യ സംബന്ധമായ കാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാക്കുക.

(സി) ജനപ്രതിനിധികൾ, തദ്ദേശസ്ഥാപനങ്ങൾ, പ്രമുഖ വ്യക്തിത്വങ്ങൾ, സന്നദ്ധ സംഘടനകൾ, അദ്ധ്യാപക രക്ഷകർതൃ സംഘടനകൾ, എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട്സ് & ഗൈഡ്സ് ഇവ വഴി വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിൽ 1202 സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ ആരോഗ്യ പദ്ധതിയുടെ നടത്തിപ്പിലേക്കായി പ്രത്യേകം നിയോഗിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ ഹെൽത്ത് നഴ്സുമാർക്കും അതോടൊപ്പം ആരോഗ്യ വകുപ്പിലെ ജെ.എച്ച്.ഐ., അദ്ധ്യാപകർ, പ്രധാനാദ്ധ്യാപകർ എന്നിവർക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെ സംബന്ധിച്ച ട്രെയിനിംഗ് നൽകിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഹെൽത്ത് റെക്കോർഡുകൾ, ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസ പോസ്റ്ററുകൾ, വൈദ്യപരിശോധനയ്ക്കായി പരിശോധനാ കിറ്റുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

കോളേജുകളുടെ ഭൗതിക സാഹചര്യം

27(*267) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്ട്സ് & സയൻസ്, പ്രൊഫഷണൽ കോളേജുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) പ്രശസ്തമായ പല സർക്കാർ കോളേജുകളും ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത കോളേജുകളുടെ ക്ലാസ് റൂമുകൾ കാലോചിതമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ&ബി) സംസ്ഥാനത്തെ ആർട്സ് & സയൻസ്, പ്രൊഫഷണൽ കോളേജുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. Starting of new courses and upgrading of Existing courses.
2. Development of Lab and Library in Government Colleges.
3. Matching grant.
4. Accreditation of Colleges by NAAC

LIBRARY ARCHIVES Kerala Legislative Assembly